(ബി) ഉണ്ട്. നിക്ഷേപക സംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ ശിപാർശ പ്രകാരം നഗരസഭകളിലും, വികസന അതോറിറ്റികളിലും പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികളുടെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s. കിറ്റ്കോ-യെ നിയമിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 40 പദ്ധതികളുടെ സ്ഥലപരിശോധനയും സാധ്യതാ പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ ആർ.എഫ്.ക്യു. അടിയന്തരമായി ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഘട്ടംഘട്ടമായി രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പുനരുപയോഗം ചെയ്യുവാൻ കഴിയാത്ത വസ്തുക്കളുടെ വ്യാപകമായ ഉപയോഗം മൂലമുണ്ടാകുന്ന മാലിന്യം

312 (1738) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനരുപയോഗം ചെയ്യുവാൻ കഴിയാത്ത വസ്തുക്കളുടെ വ്യാപകമായ ഉപയോഗംമൂലമുണ്ടാകുന്ന മാലിന്യം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പൊതുചടങ്ങുകളിലും സ്വകാര്യ ചടങ്ങുകളിലും ഇത്തരം വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) അത്തരം ചടങ്ങുകളിൽ പുനരുപയോഗം ചെയ്യുവാൻ കഴിയുന്ന വസ്തുക്കൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(ഡി) പുനരുപയോഗം ചെയ്യുവാൻ കഴിയാത്ത വസ്തുക്കളുടെ നിർമ്മാണവും വിപണനവും നിയന്ത്രിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ ?

<u>ഉത്തരം</u>

(എ) നഗരകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി സംസ്ഥാനത്തെ പുനരുപയോഗം ചെയ്യാൻ കഴിയാത്ത വസ്തുക്കൾ ശേഖരിക്കുകയും കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം 70 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങളും 58 ടണ്ണോളം ഇ-മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

(ബി-ഡി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly